പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 4073

20-03-2018 ൽ മറുപടിക്ക്

## നാളികേരത്തിൽ നിന്നും മൂല്യവർദ്ധിത ഉത്പന്നങ്ങൾ

ചോദ്യം

**ശ്രീ. അൻവർ സാദത്ത്**

മറുപടി

ശ്രീ.വി.എസ്. സുനിൽകുമാർ

(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | നാളികേരത്തിൽ നിന്നും മൂല്യവർദ്ധിത ഉത്പന്നങ്ങൾ നിർമ്മിച്ച് വിദേശത്തേക്ക് കയറ്റുമതി ചെയ്യുന്നതിന് പദ്ധതികൾ രൂപീകരിച്ചിട്ടുണ്ടോ;എങ്കിൽ വിശദാംശം വ്യക്തമാക്കാമോ? | (എ) | നാളികേരം ഉപയോഗിച്ചുള്ള മൂല്യ വർദ്ധിത ഉത്പന്നങ്ങളായ തേങ്ങ ചിരകിയതും (desicated coconut), തേങ്ങപ്പൊടി (coconut milk powder) യും കരുനാഗപ്പള്ളി ഫാക്ടറിയിലും, വെളിച്ചെണ്ണയും ആയുർവ്വേദ മൂലികകളും അടങ്ങിയ കേരഫെഡിന്റെ ബ്രാന്റായ "കേരജം കേശാമൃത്" ഹെർബൽ ഹെയർ ഓയിൽ നടുവണ്ണൂർ ഫാക്ടറിയിലും ഉൽപ്പാദിപ്പിച്ച് വിപണിയിൽ വിറ്റുവരുന്നു. വെർജിൻ കോക്കനട്ട് ഓയിൽ കൂടാതെ തേങ്ങവെള്ളത്തിൽ നിന്നും ലഘുപാനീയങ്ങൾ, വിനാഗിരി മുതലായ ഉൽപ്പന്നങ്ങൾ നിർമ്മിക്കാനുള്ള പഠനങ്ങൾ നടന്നുവരുന്നു. വെളിച്ചെണ്ണ ഉൽപ്പാദനത്തിനായി 1991 മുതൽ കരുനാഗപ്പള്ളി ഫാക്ടറിയിൽ ദിവസം തോറും 250 മെട്രിക് ടൺ കൊപ്ര സംസ്കരണത്തിനും, 2002 മുതൽ നടുവണ്ണൂർ ഫാക്ടറിയിൽ ദിവസം തോറും 45 മെട്രിക് ടൺ കൊപ്ര സംസ്കരണത്തിനും ശേഷിയുള്ള രണ്ട് വെളിച്ചെണ്ണ ആട്ട് മില്ലുകൾ കേരഫെഡിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്നു.<br>ഗൾഫ് മേഖലയിൽ ലുലു ഹൈപ്പർ/സൂപ്പർ മാർക്കറ്റുകൾ വഴി ഇപ്പോൾ കേര വെളിച്ചെണ്ണയും മറ്റ് ഉൽപ്പന്നങ്ങളും വിറ്റ് വരുന്നു. കൂടാതെ ഒരു മാസത്തിനകം ദുബായ്, ബഹറിൻ, സൗദി അറേബ്യ മുതലായ രാജ്യങ്ങളിലേയ്ക്കുള്ള വിതരണത്തിനുള്ള MoU നിലവിൽ വരുത്തുന്നതിനുള്ള നടപടികൾ കേരഫെഡ് സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ